# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1868

13.06.2019- ൽ മറുപടി നൽകേണ്ടത്.

### സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

**ചോദ്യം**
**ശ്രീ. സി.ദിവാകരൻ**

**മറുപടി**
**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് (IMG)മുഖേന പരിശീലനം നൽകി വരുന്നു. സിവിൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ 01.01.2018 മുതൽ ഗവ. സെക്രട്ടറിയേറ്റിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ്സംവിധാനം നടപ്പിലാക്കിയതു കൂടാതെ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്ഥാപനങ്ങൾ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവയിൽ സ്പാർക്ക് ബന്ധിത ബയോമെട്രിക് പഞ്ചിംഗ് സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. എല്ലാ വകുപ്പുകളിലും 6 മാസത്തിനകവും സിവിൽ സ്റ്റേഷനുകളിൽ 3 മാസത്തിനകവും സ്പാർക്ക് ബന്ധിത ബിയോമെട്രിക് പഞ്ചിംഗ് |

| | | | |
|---|---|---|---|
| | | | സംവിധാനം നടപ്പാക്കാൻ 06.05.2019 ലെ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട് . സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിക്കുന്നതിനുള്ള ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു . പ്രസ്തുത ചട്ടങ്ങളിൽ വരുത്തേണ്ട ചില ഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിനും കൂടുതൽ ജനോപകരമായ മാറ്റങ്ങൾ ആവിഷ്കരിക്കുന്നതിനും സിവിൽ സർവ്വീസ്ആധുനികവത്കരിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ച നാലാം ഭരണ പരിഷ്കാര കമ്മീഷന്റെ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| **(ബി)** | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാര്യക്ഷമതയോടെ പ്രവർത്തിക്കാത്ത എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ? | **(ബി)** | വിവരം ശേഖരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**